## പതിനാലാം കേരള നിയമസഭ

### ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.687** **13.01.2021-ൽ മറുപടിക്ക്**

| കെ.ടി.ഡി.സി.യുടെ ശാക്തീകരണം | | | |
|---|---|---|---|
| | **ചോദ്യം**<br><br>**ശ്രീ . എം . വിൻസെൻറ് :** | | **മറുപടി**<br>**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ ടൂറിസം മേഖലക്ക് ഉത്തേജനം നൽകുന്നതിൽ കെ.ടി.ഡി.സി. വഹിക്കുന്ന പങ്ക് വിശദമാക്കുമോ; | (എ) | 1. കേരളത്തിലെ പല ടൂറിസ്റ്റ് ഡസ്റ്റിനേഷനുകളും വികസിക്കാൻ കാരണമായത് കെ.ടി.ഡി.സി.യുടെ ആദ്യ സാന്നിധ്യം കൊണ്ടാണ്.<br>ഉദാ : തേക്കടി, മൂന്നാർ. കുമരകം, കോവളം തുടങ്ങിയവ<br>2. കേരളത്തിൽ നൂതനമായ പല ടൂർ പാക്കേജുകളും തുടങ്ങിവച്ചത് കെ.ടി.ഡി.സിയാണ്. വിവിധ ഡെസ്റ്റിനേഷനുകളിലെ ഹോട്ടലുകൾ ബന്ധിപ്പിച്ചുള്ള എയർലെയിൻ ടൂർ പാക്കേജ് (2000 മുതൽ), പ്രൈവറ്റ് ട്രാവൽ ഏജൻസികളുമായി ചേർന്ന് ട്രയിൻ ചാർട്ടർ പാക്കേജ് എന്നിവയും മൺസൂൺ സമയത്ത് താരീഫ് കുറച്ച് മൺസൂൺ ടൂറിസം ആദ്യമായി നടപ്പിലാക്കിയതും കെ.ടി.ഡി.സി.യാണ്.<br>3. കെ.ടി.ഡി.സി.യുടെ പ്രീമിയവും ബഡ്ജറ്റ് ഹോട്ടലുകളും കേരളത്തിലെ വികസിതവും വികസിച്ചുകൊണ്ടിരിക്കുന്നതുമായ എല്ലാ ഡസ്റ്റിനേഷനുകളുടേയും സാന്നിധ്യം ഇവിടെയുള്ള ടൂറിസം മാർക്കറ്റിംഗിന് ഉത്തേജനം നൽകുന്നുണ്ട്.<br>ഉദാ: നിലമ്പൂർ, തിരുനെല്ലി, പീരുമേട്, സുൽത്താൻബത്തേരി<br>4. കെ.ടി.ഡി.സി.യുടെ ഹോട്ടലുകളും റെസ്റ്റോറന്റുകളും സഞ്ചാരികൾക്ക് രുചിയോടെ ഭക്ഷണവും വൃത്തിയുള്ള ടോയ്‌ലറ്റും നൽകുന്നതിനാൽ വിനോദ സഞ്ചാരമേഖലയുടെ വളർച്ചയ്ക്ക് സഹായകരമാകുന്നു.<br>5. 14 കെ.ടി.ഡി.സി.യുടെ നേതൃത്വത്തിൽ കേരളത്തിൽ 11 മോട്ടൽ ആരാമുകളാണുള്ളത്. രുചികരമായ |

| | | | |
|---|---|---|---|
| | | | ഭക്ഷണവും, ശുചിത്വമുളള ശുചിമുറികളും, പരിസരവും മറ്റ് പ്രാഥമിക സൌകര്യങ്ങളും ഒരുക്കി മികച്ച രീതിയിലാണ് ഇവ പ്രവർത്തിച്ചു വരുന്നത്. ദേശീയ പാതയിലെ ഇടത്താവളമായി യാത്രക്കാർക്ക് വിശ്രമിക്കുന്നതിനും, ഭക്ഷണം കഴിക്കുന്നതിനും പുതു ഉന്മേഷത്തോടെ യാത്ര പുനരാരംഭിക്കുന്നതിനും, കെ.ടി.ഡി.സി.യുടെ മോട്ടലുകൾ വലിയ തോതിൽ സഹായകരമായി തീർന്നിട്ടുണ്ട്. നിലവിൽ പുനലൂർ, പാലരുവി, പാറശ്ശാല, കൊട്ടാരക്കര, കായംകുളം, ആലപ്പുഴ, വൈക്കം, വടകര, എരുമയൂർ, കുറ്റിപ്പുറം, മങ്ങാട്ടുപറമ്പ് എന്നിവിടങ്ങളിൽ കെ.ടി.ഡി.സി.യുടെ മോട്ടൽ ആരാമുകൾ പ്രവർത്തിച്ചുവരുന്നു.<br><br>കേരളത്തിലെ പ്രമുഖ ടൂറിസം കേന്ദ്രങ്ങളിൽ കെ.ടി.ഡി.സി. ഹോട്ടലുകളുണ്ട്. പ്രീമിയം, ബഡ്ജറ്റ്, ഇക്കോണമി വിഭാഗത്തിലായി 29 ഹോട്ടലുകളും 11 മോട്ടലുകളുമാണ് നിലവിലുള്ളത്. |
| (ബി) | കോവിഡും ലോക്ഡൗണും ടൂറിസം മേഖലയിൽ സൃഷ്ടിച്ച മാന്ദ്യം കെ.ടി.ഡി.സി.യെ എപ്രകാരമാണ് ബാധിച്ചതെന്ന് അറിയിക്കാമോ; | (ബി) | കോവിഡ് ലോക്ഡൗൺ കാരണം കെ.ടി.ഡി.സി.യുടെ ആഡിറ്റ് ചെയ്യാത്ത കണക്കു പ്രകാരം നവംബർ മാസം വരെ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വ്യാപാര വളർച്ചയിൽ 58 കോടി രൂപയുടെ കുറവും 40 കോടി രൂപയുടെ പ്രവർത്തന നഷ്ടവും സംഭവിച്ചിട്ടുണ്ട്. |
| (സി) | സ്വകാര്യ മേഖലയോട് മത്സരിക്കുന്നതിന് കെ.ടി.ഡി.സി. യെ പ്രാപ്തമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | സ്വകാര്യ മേഖലയുമായി മത്സരിക്കുന്നതിന് കെ.ടി.ഡി.സി. യെ പ്രാപ്തമാക്കുന്നതിന് സ്വീകരിച്ച നടപടികൾ താഴെ പറയുന്നു.<br><br>1. കെ.ടി.ഡി.സി.യുടെ എല്ലാ പ്രീമിയവും, ബഡ്ജറ്റുമായ ഹോട്ടലുകൾ നവീകരിക്കാൻ തീരുമാനിച്ചു.<br>2. മാസ്കോട്ട് ഹോട്ടലിന്റെ 36 മുറികൾ നവീകരിക്കുകയും സ്റ്റാർ ക്ലാസിഫിക്കേഷൻ ലഭിക്കുകയും ചെയ്തു.<br>3. ചൈത്രം ഹോട്ടലിന്റെ മുറികൾ മൊത്തമായി നവീകരിച്ചു.<br>4. വാട്ടർസ്കേപ്പ്സ്, കുമരകത്തിന്റെ 12.65 കോടി രൂപയുടെ നവീകരണം നടന്നു വരികയാണ്.<br>5. തേക്കടിയിൽ 120 പേർക്ക് സഞ്ചരിക്കാവുന്ന രണ്ട് ബോട്ടുകൾ സർവ്വീസ് ആരംഭിച്ചു.<br>6. പൊന്മുടിയിൽ 320 ലക്ഷം രൂപയ്ക്ക് 15 കോട്ടേജുകൾ |

| | | | |
|---|---|---|---|
| | | | കമ്മിഷൻ ചെയ്തു.<br>7. കണ്ണൂരിലെ ടാമറിന്റ് ഈസി ഹോട്ടൽ 292 ലക്ഷം രൂപ മുടക്കി നവീകരിച്ചു.<br>8. മാസ്കറ്റ് ഹോട്ടലിന്റെ കൺവെൻഷൻ സെന്ററിന്റെ നവീകരണത്തിന് 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും അതിന്റെ ടെണ്ടർ നടപടി ആരംഭിക്കുകയും ചെയ്തു.<br>9. ആലപ്പുഴയിൽ 2 കോടി രൂപ മുതൽ മുടക്കിൽ ടാമറിന്റ് ഈസി ഹോട്ടൽ നവീകരിച്ചു.<br>10. വേളിയിൽ പുതിയ ബോട്ടുകൾ വാങ്ങുകയും കമ്മിഷൻ ചെയ്യുകയും ചെയ്തു.<br>11. വേളിയിൽ ഫ്ളോട്ടിംഗ് റെസ്റ്റോറന്റ് 70 ലക്ഷം മുടക്കി നവീകരിച്ചു.<br>12. സുപ്രീം കോടതി ഉത്തരവിൻ പ്രകാരം അടച്ചുപൂട്ടിയ ബിയർ പാർലറുകൾക്ക് പകരം പുതിയ ബിയർ പാർലറുകൾ തുറന്നു.<br>13. കണ്ണൂരിലെ മുഴിപ്പിലങ്ങാടിലും കോഴിക്കോട് ബീച്ചിലും സ്റ്റാർ ഹോട്ടലുകൾ തുടങ്ങാൻ തടസ്സമായിരുന്ന ലാന്റ് അക്യുസിഷൻ നടപടികൾ അവസാനിച്ചു. ഉടനെത്തന്നെ സ്റ്റാർ ഹോട്ടലുകളുടെ പണി ആരംഭിക്കുന്നതാണ്. ഇതിന് കിഫ്ബിയിൽ നിന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ട്.<br>14. കെ.ടി.ഡി.സി.യുടെ ചിരകാല ആവശ്യമായ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം ആരംഭിച്ചു.<br>15. ടൂറിസം ഡെസ്റ്റിനേഷനുകളുടെ മാനേജ്മെന്റിൽ കെ.ടി.ഡി.സി.യെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.<br>16. കെ.ടി.ഡി.സി.യിലെ ഉദ്യോഗസ്ഥർക്ക് സമ്പൂർണ്ണമായ ട്രെയിനിംഗ് കൊടുക്കാനുള്ള നടപടികൾ ആരംഭിച്ചു.<br>17. 792 ലക്ഷം രൂപ മുടക്കി മൂന്നാറിലെ ടീ കൌണ്ടി റിസോർട്ട് നവീകരണം നടന്നുവരികയാണ്.<br>18. കെ.ടി.ഡി.സി. ഹോട്ടലുകളുടെ വിപണനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിനുമായി ചാനൽ മാനേജർ സോഫ്റ്റ്.വെയർ ഏർപ്പെടുത്തി പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഇതുമൂലം നിരവധി അന്താരാഷ്ട്ര ഓൺലൈൻ ട്രാവൽ ഏജൻസികളുമായി മികച്ച ബന്ധം സ്ഥാപിക്കുന്നതിനും വ്യാപാര സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും കഴിയുന്നു.<br>19. സാങ്കേതിക വിദ്യയുടെ വളർച്ചയെത്തുടർന്ന് ഹോട്ടൽ ബിസിനസ്സിൽ ഓൺലൈൻ ട്രാവൽ |

| | | | |
|---|---|---|---|
| | | | ഏജൻസികളുടെ പങ്ക് വളരെ വലുതാണ്. ഇത്തരം മികച്ച സാധ്യതകൾ പ്രയോജനപ്പെടുത്താനായി പുതിയ ഓൺലൈൻ ട്രാവൽ ഏജൻസികളുമായി ബിസിനസ്സ് ബന്ധം സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്.<br>20. ആധുനിക കാലത്ത് സോഷ്യൽ മീഡിയകളുടെ പ്രാധാന്യം വർദ്ധിച്ചു വരികയാണ്. കെ.ടി.ഡി.സി. ഹോട്ടലുകളുടെ ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിനും പ്രചരണത്തിനുമായി സോഷ്യൽ മീഡിയയെ അനുയോജ്യമായ രീതിയിൽ ഉപയോഗപ്പെടുത്താൻ നടപടി കൈക്കൊണ്ടിട്ടുണ്ട്. |
| (ഡി) | ടൂറിസം മേഖല ഘട്ടം ഘട്ടമായി തുറന്നു കൊടുക്കുന്ന സാഹചര്യത്തിൽ കാലത്തിന് അനുസൃതമായ മാറ്റങ്ങൾ കെ.ടി.ഡി.സി.യിൽ കൊണ്ടുവരുന്നതിനും അതിന്റെ പ്രവർത്തനം സാധാരണക്കാരായ ജനങ്ങൾക്കുകൂടി പ്രാപ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) | സ്വീകരിക്കും. ഇതിന്റെ പ്രാരംഭ നടപടിയെന്ന നിലയിൽ 'ആഹാർ' എന്ന ബ്രാൻഡിൽ ഒരു റെസ്റ്റോറന്റ് ചെയിൻ തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ